# പൂമൊട്ട്

## ജി എൽ പി എസ് കുറുവ



വിടരുന്ന പൂമൊട്ടുകളുടെ സർഗ രചനകൾ

ഒന്നാം ക്ലാസ് ഒന്നാംതരം

## ഉള്ളടക്കം


തിരിച്ചറിവ്..............................9
കാക്ക....................................10
പൂത്താങ്കീരിക്കണി.................11
RAINBOW............................13
പൂക്കൾ..................................14
വർണ്ണക്കുട.............................15
മത്തൻ..................................16
പന്തുകളെത്ര?.........................18
പൂന്തോട്ടം.............................20
മോഹം..................................22
അഴകുള്ള ചെമ്പരത്തി..........24
നക്ഷത്രങ്ങൾ.........................25
ഉമ്മ.......................................27
കുഞ്ഞിത്തത്ത.......................28
ആട്......................................30
എന്റെ അമ്പിളിമാമ................31
റോസാപ്പൂ..............................33
ചന്തമുള്ള പൂമ്പാറ്റ................34
എന്റെ ഗ്രാമം..........................36
Elephant..................................37
മഴവില്ല്.................................39
MY ROCKY PET.................40
പൂമ്പാറ്റ...............................42
മാവിലെ കുരുവി..................45
തണൽ മരം..........................46
എന്റെ മീൻകുളം....................48
My House.............................50
സ്കൂൾ തുറന്നേ........................51
അമ്പിളി അമ്മാവൻ...............53
My garden.............................54
കുഞ്ഞനിയൻ........................56
പുഴയോരം............................58
മാമ്പഴവും ഓറഞ്ചും...............59
എന്റെ റോസാപ്പൂ..................60
ചെടിയുടെ സമ്മാനം.............62
മുല്ലച്ചെടി..............................63
അണ്ണാറക്കണ്ണൻ....................65
കോഴികളും കുഞ്ഞുങ്ങളും.....66
തത്തമ്മ...............................68
പൂച്ചക്കുഞ്ഞ്.........................70
മഴ...... മഴ..... മഴ....................71
മുത്തശ്ശിയും കിങ്ങിണിയും....73
A beautiful butterfly................76
റോസാപൂ..............................77

## മുഖമൊഴി

സ്ക്രീനിലൂടെ തെളിഞ്ഞ് വരുന്ന
അക്ഷരങ്ങളും അക്കങ്ങളും മാത്രം
പരിചയിച്ച കുഞ്ഞു മക്കൾക്ക്
സന്തോഷത്തിൻ്റെ പൂക്കാലമായിട്ടാണ്
സ്ക്കൂൾ തുറന്നതും
ഓഫ് ലൈൻ പഠനം ആരംഭിച്ചതും.
ഇതിനിടയിൽ അവർ സ്വായത്തമാക്കിയ
കുഞ്ഞറിവുകളും അനുഭവങ്ങളുമാണ്
വരകളിലും വരികളിലുമായ് ഇവിടെ
പിറവിയെടുത്തിരിക്കുന്നത്.
കുറവുകളുണ്ടാകാം.എന്നിരുന്നാലും,
അവരുടെ സർഗ്ഗവാസനകൾ
പ്രകടിപ്പിക്കുന്നതിനും ഉയർത്തിക്കൊണ്ട്
വരുന്നതിനും 'പൂമൊട്ട്', ഇ-മാഗസിൻ ഒരു
നിമിത്തമാകട്ടെ.'...........

എഡിറ്റർ,
സക്കീന എം ടി
ജി എൽ പി എസ് കുറുവ





ജി. എൽ. പി. എസ് കുറുവയിലെ ഒന്നാം ക്ലാസിലെ കുട്ടികൾ ഒരുക്കിയ 'പൂമൊട്ട് 'എന്ന ഡിജിറ്റൽ മാഗസിൻ സംരംഭത്തിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.   ഒട്ടേറെ വിലക്കുകൾ ഉള്ള ഇക്കാലത്ത് കുട്ടികളുടെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്കുള്ള അവസരങ്ങൾക്കും പരിമിതിയുണ്ടല്ലോ. ഇതിനെല്ലാം പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടുന്ന സാഹചര്യത്തിലാണ് ഈ ഉദ്യമം നടക്കുന്നത്. ഇതിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും, നേതൃത്വം നല്കിയ അധ്യാപകർക്കും, പിന്തുണ നല്കിയ രക്ഷിതാക്കൾക്കും പ്രത്യേകം അഭിനന്ദനം അർപ്പിക്കുന്നു.  മാതൃകാപരമായ ഈ പ്രവർത്തനത്തിന് സർവ്വ ആശംസകളും നേരുന്നു.

ബാബുരാജ്. ടി.കെ.
ഉപജില്ലാ വിദ്യഭ്യാസ ഓഫീസർ.
മങ്കട



എഴുത്തിന്റെ വിശാല
ലോകത്തേക്ക് വിടരാൻ
വെമ്പി നിൽക്കുന്ന ഒന്നാം
ക്ലാസിലെ എല്ലാ കൊച്ചു
പ്രതിഭകൾക്കും തങ്ങളുടെ
ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന
എഴുത്തുകാരനെ
പുറത്തെടുക്കാനുള്ള
തുടക്കമാവട്ടെ ഈ 'പൂമൊട്ട്'
എന്ന് ആശംസിക്കുന്നു.

സബ് എഡിറ്റർ,
ഫാത്തിമ സുഹ്റ ടി
ജി എൽ പി എസ് കുറുവ

വായന...
എഴുത്ത്...
വര...
വർണ്ണങ്ങൾ...
ഇവ ഒന്നിക്കുമ്പോൾ
ജീവിതം
മഴവിൽ പോലെ,
വസന്തം പോലെ,
സുന്ദരവും
സുഗന്ധപൂരിതവും
സ്നേഹനിർഭരവുമാകുന്നു,,
നമ്മൾ
മനുഷ്യർ
ആകാശത്തോളം ഉയരുന്നു,,,
നമുക്ക്
നമ്മുടെ വായനയെ, വർണ്ണങ്ങളെ
വസന്തങ്ങളെ
സ്നേഹങ്ങളെ വീണ്ടെടുക്കാം,,,,
നമുക്ക് നമ്മൾ ഈ സുന്ദര തീരത്ത് ജീവിച്ചിരുന്നു
എന്ന് അടയാളപ്പെടുത്താം,,
നമ്മൾക്ക് ഒന്നായി ഒരു മഴവില്ലാകാം
വർണ്ണങ്ങളുടെ വസന്തമാകാം
ഈ കുഞ്ഞു രചനകളിലൂടെ
വിരിഞ്ഞു നിൽക്കുന്ന
എല്ലാ കുഞ്ഞു മഴവില്ലുകൾക്കും
ആശംസകൾ,,,



സുനിൽ പെഴുങ്കാട്
[കോ-ഓർഡിനേറ്റർ
വിദ്യാരംഗം, മങ്കട സബ് ജില്ല]



സ്നേഹംനിറഞ്ഞ കുഞ്ഞുങ്ങളെ,

2021- 22 അധ്യയന വർഷത്തിൽ കോവിഡ് മഹാമാരിയെ അതിജീവിച്ച് നമ്മുടെ വിദ്യാലയത്തിലേക്ക്, പ്രത്യേകിച്ച് ഒന്നാം ക്ലാസിലേക്ക് എത്തിച്ചേർന്ന എല്ലാ കൂട്ടുകാർക്കും എന്റെ സ്നേഹാദരങ്ങൾ.കുഞ്ഞുങ്ങളെ, പഠിക്കുന്നതിന്   മാത്രമല്ല നാം വിദ്യാലയത്തിൽ എത്തുന്നത്.  നമ്മുടെ കഴിവുകളെ വികസിപ്പിക്കുന്നതിനും പുതിയ കാര്യങ്ങൾ നേടിയെടുക്കുന്നതിനും,നല്ല സ്വഭാവം വളർത്തിയെടുക്കുന്നതിനും, എല്ലാവരെയും സ്നേഹിക്കുന്നതിനും ഒക്കെ പഠിക്കാൻ വേണ്ടിയാണ്. എന്തായാലും,  നമ്മുടെ ക്ലാസധ്യാപകർ നിങ്ങളുടെ കഴിവുകളെ വളർത്തിയെടുക്കാനുള്ള ഒരു അവസരമാണ് ഈ മാഗസിനിലൂടെ സജ്ജമാക്കിയിട്ടുള്ളത്. കിട്ടുന്ന അവസരങ്ങളൊക്കെ നിങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക. നിങ്ങളിലുള്ള സർഗവാസനകൾ വളർന്നു പടർന്നു പന്തലിക്കട്ടെ എന്ന് ആശംസിക്കുന്നു .
നന്ദിയോടെ ........

രാജനന്ദിനി ടീച്ചർ
എച്ച് എം, ജി എൽ പി എസ് കുറവ



**സാഹിത്യവും സർഗ്ഗാത്മകതയുമില്ലാത്ത വിദ്യാഭ്യാസം യാന്ത്രികവും വരണ്ടുണങ്ങിയ പാടം പോലെ നിഷ്ഫലവുമാണ്.ഒന്നാം ക്ലാസിലെ കുഞ്ഞു കൂട്ടുകാരും അധ്യാപികമാരും ചേർന്ന് വിടർത്താൻ ശ്രമിക്കുന്ന ഈ 'പൂമൊട്ട്' ന് എല്ലാവിധ സ്നേഹാശംസകളും.**

**ഡെയ്സി.മഠത്തിശ്ശേരി**

**(ജില്ലാസെക്രട്ടറി, വനിതാ സാഹിതി, മലപ്പുറം)**



# തിരിച്ചറിവ്

ഞാനെൻ മുഖം നോക്കി
ചുമരിലെ ചില്ലിൽ....
ഞാൻ തന്നെ ചോദിച്ചു
എൻ മുഖം നോക്കി....
ഇത്ര നാൾ നീയെന്തു
ചെയ്തു ഈ പാരിൽ
ഇനിയെന്തു ചെയ്യുവാൻ
പോവുന്നു നാളെ.?
പൂർവികർ നൽകിയ
അറിവിന്റെ സാഗരം
പാഴാക്കി തീർത്തൊരു
വിഡ്ഢിയാണല്ലോ ഞാൻ
ചൊരിയണം സാന്ത്വനം
ഇനിയുള്ള കാലം
ചെയ്യണം നന്മകൾ
മരണം വരെയും.....

അഷ്റഫ് വറ്റലൂർ
[ രക്ഷിതാവ്, പൂർവ്വ വിദ്യാർത്ഥി ]



ഗൗതം കൃഷ്ണ പി

# കാക്ക

കറുകറുത്ത കാക്ക
രണ്ട് കാലുള്ള കാക്ക
രണ്ട് ചിറകുള്ള കാക്ക
പാറിനടക്കുംകാക്ക.
കുപ്പയിലെ മാലിന്യങ്ങൾ
വൃത്തിയാക്കും കാക്ക





മുഹമ്മദ് സ്വാലിഹ് പി

## പൂത്താങ്കീരിക്കണി

ഞാൻ രാവിലെ എണീക്കുമ്പോൾ ഞങ്ങളുടെ വീട്ടുമുറ്റത്ത് കുറേ കിളികളുടെ ശബ്ദം കേൾക്കാം. ഞാൻ പുറത്തേക്ക് നോക്കിയപ്പോൾ അതാ കുറേ പൂത്താങ്കിരി കിളികൾ. വലിയ ചന്തം ഇല്ലെങ്കിലും കൂട്ടത്തോടെ അവയെ കാണാൻ നല്ല ഭംഗിയാണ്. അവ കൂട്ടത്തോടെ തീറ്റതേടി ഇറങ്ങുന്നതാണ്. ഇത് എന്റെ പതിവ് കാഴ്ചയാണ്.





**ഫാത്തിമ ഹന്ന കെ**





ഫാത്തിമ ഇശൽ നൗറിൻ T

## RAINBOW

**It is a rainbow**
**It is a beautiful rainbow**
**It has seven colours**
**Violet, Indigo, Blue, Green**
**Yellow, Orange, Red.**





മുഹമ്മദ് ഷുഹൈബ്.KT

## പൂക്കൾ

മുറ്റം നിറയെ ചെടിയുണ്ട്.

ചെടിയിൽ നിറയെ പൂവുണ്ട്.

പല പല നിറമുള്ള പൂക്കൾ

പല പല മണമുള്ള പൂക്കൾ


പൂവിൽ നിറയെ തേനുണ്ട്

തേൻ നുകരാൻ

പൂമ്പാറ്റകളുണ്ട്

പാറിപ്പറക്കും പൂമ്പാറ്റകൾ





ഷൃറൈം

## വർണ്ണക്കുട

**കുട കുട കുട കുട**
**വർണ്ണക്കുട**
**കുട കുട കുട കുട**
**നല്ല കുട**
**കുട കുട കുട കുട**
**കാലൻ കുട**
**കുട കുട കുട കുട**
**എന്റെ കുട**





റഷ ഫാത്തിമ P

# മത്തൻ

ഞാൻ മത്തൻ.വള്ളിയിലാണ് ഉണ്ടാകുന്നത്.എന്റെ പൂവിന് മഞ്ഞനിറമാണ്. ഞാൻ പച്ചയും മഞ്ഞയും നിറത്തിൽ കാണും.സാമ്പാറിലെ പ്രധാന ഇനമാണ് ഞാൻ. എന്റെ ഇല കൊണ്ടുണ്ടാക്കുന്ന കറി എല്ലാവർക്കും നല്ലഇഷ്ടമാണ്.








## മുഹമ്മദ് മിർസബ് പി





മുഹമ്മദ്. U

## പന്തുകളെത്ര?

പന്തുകളെത്ര പറയാമോ?
ഒന്ന് ഒന്ന് ഒന്നല്ലോ 
പന്തുകളെത്ര പറയാമോ?
രണ്ട് രണ്ട് രണ്ടല്ലോ 
പന്തുകളെത്ര പറയാമോ?
മൂന്ന് മൂന്ന് മൂന്നല്ലോ 
പന്തുകളെത്ര പറയാമോ?
നാല് നാല് നാലല്ലോ 
പന്തുകളെത്ര പറയാമോ?
പറയാം പറയാം അഞ്ചല്ലോ. 



ഫഫിഷ പി ടി





ഫാത്തിമ സമീഹ. എ. ടി

## പൂന്തോട്ടം

എനിക്കുണ്ടൊരു പൂന്തോട്ടം
എന്റെ സ്വന്തം പൂന്തോട്ടം
എന്നും പൂക്കൾ വിരിഞ്ഞീടും
പൂമ്പാറ്റകളും പാറി വരും
ഭംഗിയുള്ള പൂന്തോട്ടം
വെള്ള നിറമുള്ള മുല്ലപ്പൂ
എന്റെ ഇഷ്ട പൂവല്ലോ.





**അർച്ചന പി**





മിൻഷാ മെഹ്റിൻ. പി

## മോഹം

മോഹം..... മോഹം.....

പൂമ്പാറ്റയാകാൻ മോഹം...

വെള്ളച്ചിറക് വീശി പറക്കാൻ

മോഹം..

മാന്ത്രിക വടി കിട്ടാൻ മോഹം...

പൂന്തോട്ടമുണ്ടക്കാൻ മോഹം...

പൂന്തേനുണ്ണാൻ മോഹം...





അഭിരാമി എ കെ





അബിയ്യ. സി പി

## അഴകുള്ള ചെമ്പരത്തി

വലിയ ഇതളുള്ള ചെമ്പരത്തി
വിടർന്നു നിൽക്കും ചെമ്പരത്തി
സുന്ദരിയായ ചെമ്പരത്തി
ചുവപ്പ്, വെള്ള, ഓറഞ്ച്, റോസ്
പല വർണങ്ങളുള്ള ചെമ്പരത്തി
കാണാനഴകുള്ള ചെമ്പരത്തി.





ഫവിഷ. പി. ടി


## നക്ഷത്രങ്ങൾ

**നക്ഷത്രങ്ങൾ നക്ഷത്രങ്ങൾ**
**ആകാശത്തുണ്ട് നക്ഷത്രങ്ങൾ**
**ചന്തമുള്ള നക്ഷത്രങ്ങൾ**
**രാത്രി കാണും നക്ഷത്രങ്ങൾ**
**മിന്നിത്തിളങ്ങും നക്ഷത്രങ്ങൾ**





**ഹെന്ന മറിയം സി എച്ച്**





മുഹമ്മദ് മിയാസ്. പി. സി

# ഉമ്മ

ഉമ്മാ ഉമ്മാ പൊന്നുമ്മാ
സ്നേഹം നൽകും പൊന്നുമ്മ
വാത്സല്യത്തിൽ എന്നെ
വളർത്തും
പാവമാണെൻ പൊന്നുമ്മാ





മുഹമ്മദ് നൂർ. പി

**കുഞ്ഞിത്തത്ത**

**പാറി നടക്കും കുഞ്ഞിത്തത്തേ**

**ആരു തന്നു ഈ പച്ചക്കുപ്പായം?**

**ചറ പറ പറയും നിൻ കൊക്കിന്**

**ആരു തന്നു ഈ ചുവപ്പ് നിറം?**

**എന്തു ഭംഗി നിന്നെ കാണാൻ**

**എന്തു കൗതുകം നിന്നെ കാണാൻ.**




s



അബ്ദുറഹീം എം കെ





സിയാൻ എം പി

# ആട്

ബേ..... ബേ..... കരയും

എന്റെ കുഞ്ഞാട്

രണ്ട് കൊമ്പും  നാലുകാലുമുള്ള


എന്റെ കുഞ്ഞാട്

ഇലകൾ തിന്നും പാല് തരും

എന്റെ കുഞ്ഞാട്

എന്റെ കൂടെ ഓടിക്കളിക്കും കുഞ്ഞാട്.





മുഹമ്മദ് സയാൻ. സി

## എന്റെ അമ്പിളിമാമ

അമ്പിളിമാമ  അമ്പിളിമാമ
എന്തു ചന്തം നിന്നെ കാണാൻ
അമ്പിളിമാമ അമ്പിളിമാമ
മിന്നിത്തിളങ്ങി നിൽപ്പാണോ?
അമ്പിളിമാമ അമ്പിളിമാമ
എന്നെ നോക്കി ചിരിപ്പാണോ?
അമ്പിളിമാമ അമ്പിളിമാമ
മാനത്തെല്ലാം പൂനിലാവ്
അമ്പിളിമാമ അമ്പിളിമാമ
എന്റെ സ്വന്തം
അമ്പിളിമാമാ.....





മിദ് ലാജ് കെ





ദക്ഷ. കെ. പി

# റോസാപ്പൂ

ആഹാ  നല്ലൊരു റോസാപ്പൂ
റോസ് നിറത്തിൽ റോസാപ്പൂ
എന്തു ചന്തം റോസാപ്പൂ
എന്തൊരു ഗന്ധം റോസാപ്പൂ
ആഹാ നല്ലൊരു റോസാപ്പൂ
സുന്ദരിയായ റോസാപ്പൂ





മുഹമ്മദ് സനീൻ എം പി

## ചന്തമുള്ള പൂമ്പാറ്റ

പൂമ്പാറ്റേ പൂമ്പാറ്റേ
എന്തു ചന്തം പൂമ്പാറ്റേ
പൂമ്പാറ്റേ പൂമ്പാറ്റേ
പാറിനടക്കും പൂമ്പാറ്റേ
പൂമ്പാറ്റേ പൂമ്പാറ്റേ
പൂവിലിരിക്കും പൂമ്പാറ്റേ
പൂമ്പാറ്റേ പൂമ്പാറ്റേ
പൂന്തേനുണ്ണും പൂമ്പാറ്റേ
പൂമ്പാറ്റേ പൂമ്പാറ്റേ
പല നിറമുള്ള പൂമ്പാറ്റേ





**ഫാത്തിമ മെഹറിൻ  കെ**



V



അംന ബക്കർ. കെ

## എന്റെ ഗ്രാമം

എന്തു നല്ല ഗ്രാമം
എന്റെ സ്വന്തം ഗ്രാമം
ഞാൻ വസിക്കും ഗ്രാമം
മരങ്ങളുണ്ട് കിളികളുണ്ട്
അരുവിയുണ്ട് വയലുകളുമുണ്ട്
എന്തു സുന്ദരം
ഞാൻ വസിക്കും ഗ്രാമം.





മുഹമ്മദ് നിഷ്മിൽ കെ

# Elephant

**This is an elephant.**
**It lives in forest.**
**It is very big.**
**It has two small eyes.**
**It has two big ears.**
**It has a long trunk.**
**It eats leaves and banana.**
**I like elephant.**





അയ്യാഷ് മുഹമ്മദ് എം





മുഹമ്മദ് ഷാദിൻ പി

# മഴവില്ല്

മാനത്തുണ്ടൊരു മഴവില്ല്
ഏഴു നിറമുള്ള മഴവില്ല്
കാണാൻ ചന്തമുള്ള മഴവില്ല്
ആരെയും കൊതിപ്പിക്കും
മഴവില്ല്.





അർച്ചന പി

# MY ROCKY PET


**This is my pet.**
**It is a puppy.**
**Its name is Rocky.**
**It can run.**
**It can drink milk.**
**It can eat chicken and fish.**
**I love my puppy.**





**മുഹമ്മദ് നാഫിഹ് പി**





നഹദ ഫാത്തിമ. ടി


# പൂമ്പാറ്റ

പൂമ്പാറ്റേ..... പൂമ്പാറ്റേ.....
പൂവിലിരിക്കും പൂമ്പാറ്റേ
പുള്ളിയുടുപ്പിട്ട പൂമ്പാറ്റേ
തേൻ കുടിക്കും പൂമ്പാറ്റേ
എന്നുടെ കൂടെ പോരാമോ
വയറു നിറയെ തേൻ നൽകാം.





**ഇഷ ഫാത്തിമ സി കെ**





**അമേയ എൻ**





മുഹമ്മദ് ഷാഹിദ് പി

# മാവിലെ കുരുവി



എന്റെ വീട്ടിലെ മാവിൽ രണ്ടു കുരുവികൾ കൂടുകൂട്ടി താമസിച്ചിരുന്നു.
ഒരുദിവസം കൂട്ടിൽ രണ്ട് മുട്ടകൾ കണ്ടു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ രണ്ട് കുരുവികുഞ്ഞുങ്ങൾ ഉണ്ടായി. ഒരു ദിവസം മാവിൽ നിന്ന് കിളികളുടെ ബഹളം കേട്ട് ഞാൻ ചെന്നുനോക്കിയപ്പോൾ ഒരു കുരുവികുഞ്ഞിനെ കാണാനില്ല.അതിനു ശേഷം അവർ കൂടുവിട്ടു പോയി. എനിക്ക് സങ്കടമായി.



ആദിനാഥ്. കെ. ടി

## തണൽ മരം

എന്റെ വീട്ടുമുറ്റത്ത് ഒരു വലിയ
മരമുണ്ട്. അതിൽ നിറയെ പഴങ്ങൾ
ഉണ്ടാകും. അത് നമുക്ക് തണൽ
നൽകും. കുളിര് നൽകും.
പക്ഷികൾക്കും മൃഗങ്ങൾക്കും
ആഹാരവും പാർപ്പിടവും നൽകും. നാം
വീടിനു ചുറ്റും മരങ്ങൾ
വച്ചുപിടിപ്പിക്കണം.





**മുഹമ്മദ് ദിൽഷാദ് സി കെ**





**അംജദ് പി**

# എന്റെ മീൻകുളം

എന്റെ കുളത്തിൽ കുറെ മീനുകളുണ്ട്.
പലതരം മീനുകൾ. ഗപ്പി, ഫൈറ്റർ, മോളി
എന്നിങ്ങനെ. പല നിറത്തിലുള്ള
മീനുകളുമുണ്ട്. പച്ച, ചുവപ്പ്, നീല
നിറത്തിലുള്ള മീനുകൾ. അവയെ
നോക്കി നിൽക്കാൻ നല്ല രസമാണ്.
മീനുകൾക്ക് ഞാൻ തീറ്റ കൊടുക്കാറുണ്ട്.
റവയും മൊയ്നയുമാണ് അവയ്ക്ക് ഇഷ്ടം.
മീനുകൾക്ക് ഒളിക്കാനായി കുളത്തിൽ
കുളവാഴ ഇട്ടിട്ടുണ്ട്. അവയെ നോക്കി
നിന്നാൽ സമയം പോകുന്നതറിയില്ല.





**മുഹമ്മദ് സുൽത്താൻ ഷാ എം**





മുഹമ്മദ് യാസീൻ എം

# My House

**This is my house.**
**A beautiful house.**
**A small beautiful house**
**A small beautiful yellow house.**
**I like my house very much.**





മുഹമ്മദ് ലബീബ്. എം

## സ്കൂൾ തുറന്നേ.....



സ്കൂൾ തുറന്നപ്പോൾ വളരെ സന്തോഷമായി. എനിക്ക് ഒരുപാട് കൂട്ടുകാരെ കിട്ടി. നല്ല ടീച്ചർമാരെയും മാഷിനെയും കിട്ടി. സ്കൂളിൽ വരാതെ വീട്ടിലിരുന്നപ്പോൾ ഞാൻ വളരെ സങ്കടപ്പെട്ടു. ഓൺലൈൻ ക്ലാസ്സ് കാണലും എഴുത്തും മാത്രം. എന്റെ കൂട്ടുകാരെ ഒന്ന് കാണാനോ കൂടെ കളിക്കാനോ കഴിഞ്ഞിരുന്നില്ല. സ്കൂൾ തുറന്നപ്പോൾ ഞാൻ എഴുതുന്നതിനൊക്കെ എന്റെ ടീച്ചർ നൽകുന്ന ശരിക്കമുള്ള സ്റ്റാർ എന്നിൽ വളരെ സന്തോഷമുണ്ടാക്കുന്നു. ഇപ്പോൾ എനിക്ക് കുറെയൊക്കെ എഴുതാനും വായിക്കാനും കഴിയുന്നുണ്ട്. ഇന്ന് ഞാൻ വളരെ സന്തോഷത്തിലാണ്.



ബർഷദ് പി





മുഹമ്മദ് റിഷാൽ പി

## അമ്പിളി അമ്മാവൻ

അമ്പിളി അമ്മാവാ  അമ്പിളി അമ്മാവാ
ആകാശത്തുള്ളൊരു അമ്മാവാ
വട്ടത്തിലുള്ള അമ്മാവാ
ചന്തമുള്ള അമ്മാവാ
അമ്പിളി അമ്മാവാ അമ്പിളി അമ്മാവാ
എന്നുടെ കൂടെ കളിക്കാൻ വാ
ചക്കരയുമ്മ തന്നീടാം.





ഫാത്തിമ റുഷ്ദ സി ടി

# My   garden

**This is my garden.**
**It is big and beautiful.**
**There are many plants and flowers.**
**There are rose, marigold, Jasmine and shoe flower.**
**I like to play in my garden.**





**മുഹമ്മദ് ഷമ്മാസ് എ**





സിയാദ് സി പി

## കുഞ്ഞനിയൻ

എനിക്കുണ്ടൊരു കുഞ്ഞനിയൻ
കുഞ്ഞിക്കണ്ണുള്ള കുഞ്ഞനിയൻ
കുഞ്ഞിക്കാലുള്ള കുഞ്ഞനിയൻ
ചുറുചുറുക്കുള്ള കുഞ്ഞനിയൻ
സ്നേഹമുള്ള കുഞ്ഞനിയൻ
എന്റെ സ്വന്തം കുഞ്ഞനിയൻ.





**മിൻഷ മെഹറിൻ P**





ഫാത്തിമ ജിൽഷിന.എം കെ

## പുഴയോരം

പുഴയിൽ നല്ല തെളിഞ്ഞ വെള്ളം.
പുഴയുടെ അടിഭാഗം കാണാം. മീനുകൾ
കൂട്ടം കൂട്ടമായി നീന്തുന്നു.പുഴയോരത്തു
നിന്ന് നോക്കിയാൽ മനോഹരമായ
കുന്നുകളും മലകളും കാണാം.
വൈകുന്നേരം പുഴയോരത്ത്
ചെന്നിരിക്കാൻ നല്ല രസമാണ്.





മുഹമ്മദ് നാസിഹ് കെ പി


## മാമ്പഴവും ഓറഞ്ചും



ഓറഞ്ച് : ഹേയ്, നീ ആരാ?
മാമ്പഴം : ഞാൻ മാമ്പഴം.
നീയോ?
ഓറഞ്ച് : ഞാൻ ഓറഞ്ച്.
എന്റെ പേരും
നിറവും ഓറഞ്ച്.
മാമ്പഴം : എന്റെ നിറം
മഞ്ഞയാണ്.
എന്റെ രുചി
അറിയാമോ?



ഓറഞ്ച് : ഇല്ല. ഞാൻ
പുളിയും
മധുരവുമാണ്.
മാമ്പഴം : ഞാൻ
മധുരമാണ്.




ഫാത്തിമ സൻഹ  കെ പി

## എന്റെ റോസാപ്പൂ



റോസാപ്പൂ കാണാൻ നല്ല ഭംഗിയാണ്. അത് പല നിറങ്ങളിലും ഉണ്ടാകും. എനിക്കിഷ്ടം റോസ് നിറത്തിലുള്ളതാണ്.  കൂടുതൽ റോസാപൂവും റോസ് നിറത്തിലുള്ളതാണ്. റോസാപ്പൂവിന് നല്ല മണമാണ്. റോസാപ്പൂവിന്റെ ചെടിയിൽ മുള്ളുകൾ ഉണ്ടാകും. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പൂവാണ് റോസാപ്പൂ.



**മുഹമ്മദ് മിഷാൽ കെ പി**





ദീക്ഷിത് K

## ചെടിയുടെ സമ്മാനം

ഒരു കർഷകൻ തളർന്നു ക്ഷീണിതനായി വരികയായിരുന്നു. വഴിയിൽ ഒരു വാടിത്തളർന്ന ചെടിയെ കണ്ടു. അതു കണ്ടപ്പോൾ കർഷകനു വിഷമമായി. അദ്ദേഹം അടുത്തുള്ള അരുവിയിൽ നിന്ന് കുറച്ച് വെള്ളമെടുത്ത് അതിന് ഒഴിച്ചു കൊടുത്തു. എന്നും അദ്ദേഹം ആ ചെടിക്ക് വെള്ളം ഒഴിച്ചു കൊടുക്കുമായിരുന്നു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ ആ ചെടി നന്നായി വളർന്നു. അതിൽ നിറയെ പൂക്കൾ ഉണ്ടായി. കർഷകൻ അത് പറിച്ച് വിറ്റ് സന്തോഷത്തോടെ കഴിഞ്ഞു.





അമേയ എൻ

## മുല്ലച്ചെടി

മുറ്റത്തു ഞാൻ നട്ട മുല്ലച്ചെടി
എന്നും രാവിലെ വെള്ളം നനയ്ക്കും
പൂക്കൾ വിടരുന്നത് ഞാൻ
നോക്കിനിൽക്കും
അതുകണ്ടു നിൽക്കാൻ എന്തു ചന്തം
മുല്ല മാല മുടിയിൽ ചൂടാൻ ഏറെ ഇഷ്ടം
എന്നും ഈ മുല്ലച്ചെടി
മുറ്റത്ത് ഉണ്ടാവാൻ മോഹം.





മുഹമ്മദ് ലബീബ് എം





ഫാത്തിമ മെഹറിൻ കെ

## അണ്ണാറക്കണ്ണൻ

അണ്ണാറക്കണ്ണാ വാ വാ വാ
പാലു തരാം ഞാൻ വാ വാ വാ
തേൻ കുടിക്കാൻ വാ വാ വാ
കൂടൊരുക്കാൻ വാ വാ വാ
എന്നോടൊപ്പം വാ വാ വാ





ലിബ ഫാത്തിമ കെ

## കോഴികളും കുഞ്ഞുങ്ങളും

പണ്ട് ഒരു ഗ്രാമത്തിൽ രണ്ട് കോഴികളും ആറ് കുഞ്ഞുങ്ങളും താമസിച്ചിരുന്നു.ഒരു ദിവസം കോഴികളും കുഞ്ഞുങ്ങളും തീറ്റ തേടി പുറത്തിറങ്ങി.അപ്പോൾ കുഞ്ഞിക്കോഴികളിൽ ഒരാൾ മാവിൻ കൊമ്പത്ത് ഒരു പരുന്ത് നോക്കി നിൽക്കുന്നത് കണ്ടു. അവൾ ബഹളം വെച്ചു. കുഞ്ഞുങ്ങളെല്ലാം അവരുടെ അമ്മയുടെ ചിറകിനുള്ളിൽ ഒളിച്ചു..അവർ വല്ലാതെ പേടിച്ചു പോയി. . അതിൽ തള്ളക്കോഴി കോ......കോ.......ശബ്ദമുണ്ടാക്കി പരുന്തിനെ ആട്ടിയോടിച്ചു.കുഞ്ഞുങ്ങൾക്ക് സന്തോഷമായി.





**മുഹമ്മദ് നിഷ്മിൽ K**





മുഹമ്മദ് മിർസബ് പി

## തത്തമ്മ


വീട്ടിലുണ്ടൊരു തത്തമ്മ
പാട്ടുപാടി പാല് കുടിക്കും തത്തമ്മ
തത്തമ്മക്കൊരു പച്ചയുടുപ്പ്
തുന്നിത്തന്നു എന്നമ്മ
മുറത്തിൽ കയറി കൊത്തും തത്തമ്മ
പാട്ടുപാടി രസിക്കും എൻതത്തമ്മ.





മുഹമ്മദ് മാസിൻ പി





മുഹമ്മദ് സിയാൻ സി

## പൂച്ചക്കുഞ്ഞ്

എന്റെ വീട്ടിലെ പൂച്ച

കറു കറുത്ത പൂച്ച

നീണ്ട വാലുള്ള പൂച്ച

മ്യാവൂ  മ്യാവൂ കരയും പൂച്ച

കട്ടുതിന്നും പൂച്ച

കണ്ണുചിമ്മും പൂച്ച





റിസ ഫാത്തിമ കെ പി

## മഴ...... മഴ..... മഴ.....

മഴ എനിക്ക് വളരെ ഇഷ്ടമാണ്. മഴയത്ത് ഇറങ്ങി കളിക്കാൻ നല്ല രസമാണ്. ഞാൻ മഴയത്ത് കളിക്കുന്നത് എപ്പോഴും സ്വപ്നം കാണാറുണ്ട്. മഴ നനഞ്ഞാൽ പനി വരും എന്നു പറഞ്ഞ് ഉമ്മ സമ്മതിക്കാറില്ല. മഴപെയ്യുമ്പോൾ ഞാൻ കടലാസുകൊണ്ട് ധാരാളം തോണികൾ ഉണ്ടാക്കും. അവയെല്ലാം മഴവെള്ളത്തിലൂടെ ഒഴുക്കിവിട്ട് കളിക്കാറുണ്ട്. മഴയെ നീ വേഗം വരണം. ഞാൻ കാത്തിരിക്കും.





**നഹദ ഫാത്തിമ ടി**





മുഹമ്മദ് റാസിക് പി

## മുത്തശ്ശിയും കിങ്ങിണിയും

കിങ്ങിണി : എന്താ മുത്തശ്ശി കയ്യിൽ ?

മുത്തശ്ശി : പേരക്കയാ കിങ്ങിണി.

കിങ്ങിണി :എനിക്കും വേണം ?

മുത്തശ്ശി : തരാം മോളെ. പഴങ്ങൾ ധാരാളം കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാ . നന്നായി കഴുകിട്ടെ കഴിക്കാവൂ എന്ന് മാത്രം.

കിങ്ങിണി : എന്തിനാ പഴങ്ങൾ കഴുകുന്നത് മുത്തശ്ശി?

മുത്തശ്ശി : അതിന്മേൽ വിഷാംശം ഒക്കെ ഉണ്ടാകും

കിങ്ങിണി : ശരി മുത്തശ്ശി. അത് ഞാൻ മറന്നു പോയി.






റിജിൻ രാജ് പി




**My small house**
**My beautiful house**
**I have a mother, a father and an aunt in my home**



**ഇഷ ഫാത്തിമ സി കെ**


أُمَّاهْ
وَلَدٌ : أُمَّاهْ
أُمٌّ : مَاذَا مَاذَا
وَلَدٌ : كُلْبٌ
أُمٌّ : أَيْنَ الْكَلْبُ
وَلَدٌ : أَمَامَ الْبَيْتِ
ഇഷ ഫാത്തിമ c.k



ഹെന്ന മറിയം സി എച്ച്

# A beautiful butterfly

Butterfly butterfly
A beautiful buttetfly



Butterfly butterfly
Flying in the garden
Butterfly butterfly
Sitting on the flower
Butterfly butterfly
Drinking honey
Butterfly butterfly
A beautiful buttetfly.



അൻസില എം പി

# റോസാപ്പൂ




ഞാനുണ്ടാക്കിയ റോസാ പൂവിൽ
പൂഞ്ചിറകുള്ളൊരു പൂമ്പാറ്റ
പാറി നടക്കും പൂമ്പാറ്റ
പൂന്തേനുണ്ണാൻ വരുമോ നീ

# നന്ദി

**കുരുന്നുകളുടെ മാഗസിന്**
**പിന്തുണ് നൽകിയ**
**മേലധികാരികൾക്കും**
**സഹൃദയർക്കും രചനകൾ**
**കൈമാറാൻ സഹായിച്ച**
**രക്ഷിതാക്കൾക്കും**
**കുഞ്ഞുപൂമൊട്ടുകൾക്കും**
**അതിലുപരി രചനകളിലൂടെ**
**പദയാത്ര നടത്തിയ താങ്കൾക്കും**

**നന്ദി, നന്ദി,നന്ദി,.....**